പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം *249 — 10/03/2017 ൽ മറുപടിയ്ക്ക്

## റീ-സർവ്വെ പുനരാരംഭിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്.തോമസ്<br>ഡോ. എൻ. ജയരാജ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ റീസർവ്വെ സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനും മുടങ്ങിക്കിടക്കുന്ന റീസർവ്വെ പുനരാരംഭിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) 31/05/2010 ലെ സ.ഉ.(എം.എസ്സ്) നം. 200/10/റവന്യൂ പ്രകാരം റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിൽ റീസർവ്വേ സംബന്ധിച്ചുണ്ടായ പരാതികൾ ബന്ധപ്പെട്ട താലൂക്ക് അഡീഷണൽ തഹസീൽദാർക്ക് നൽകി ഉത്തരവായിട്ടുണ്ട്. ഏതെങ്കിലും വില്ലേജിൽ പരാതികൾ കൂടുതലായി വന്നാൽ അഡീഷണൽ തഹസീൽദാർ ആവശ്യപ്പെടുന്ന മുറയ്ക്ക് കൂടുതൽ സർവ്വെ ജീവനക്കാരെ നിയോഗിച്ച് പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നു.<br>24/01/2017 ലെ ജി.ഒ.(എം.എസ്സ്) നം 28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) റീ-സർവ്വെ നടപടികൾ നിർത്തലാക്കിയ കാലയളവ് ഏതെന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്ത് 31/10/2012 മുതൽ റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തി ഉത്തരവായിരുന്നു. എന്നാൽ 24/01/2017 ലെ ജി.ഒ.(എം.എസ്സ്) നം 28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) റീ-സർവ്വെ നടപടികൾ പുനരാരംഭിക്കുന്നതിനും കുറ്റമറ്റ രീതിയിൽ പൂർത്തിയാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) 24/01/2017 ലെ ജി.ഒ.(എം.എസ്സ്) നം 28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്. റീ-സർവ്വേ പ്രവർത്തനങ്ങൾ ആധുനിക സർവ്വേ ഉപകരണങ്ങളായ ജി.പി.എസ്. (ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം) ഇ.റ്റി.എസ് (ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ) എന്നീ ഉപകരണങ്ങൾ ഉപയോഗിച്ച് കൃത്യതയോടെയും പൊതുജന പങ്കാളിത്തം ഉറപ്പാക്കിയും വ്യക്തമായ ആക്ഷൻ പ്ലാനോടെ സമയബന്ധിതമായും കുറ്റമറ്റ രീതിയിലും നടത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ